"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ) ഉത്പാദിപ്പിക്കുന്ന പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോട്ടിക്ക് ഉപകരണങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1701/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/09/2020

---

പരാമർശം:- 1 സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി 14.2.2018.

2 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.07.2019-ലെ NIPMR/SJD/53/2019 നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 22.02.2020-ലെ J1-3291/2020 നമ്പർ റിപ്പോർട്ട്.

4 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.3(4.1).

**ഉത്തരവ്**

പരാമർശം (1) മാർഗ്ഗരേഖ പ്രകാരം പ്രാദേശിക സർക്കാരുകൾക്ക്, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപറേഷനിൽ നിന്നോ ആർട്ടിഫിഷ്യൽ ലിമ്പ് മാനുഫാക്ച്ചറിംഗ് കോർപറേഷൻ ഓഫ് ഇന്ത്യ -യിൽ നിന്നോ സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാൻ പദ്ധതി തയ്യാറാക്കുന്നതിന് വ്യവസ്ഥയുണ്ട്. സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭിന്നശേഷി പുനരധിവാസ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR)- ലെ പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോട്ടിക്ക് വിഭാഗം ഉത്പാദിപ്പിക്കുന്ന സാധാരണ പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോട്ടിക്ക് ഉപകരണങ്ങൾ മുതൽ കൂടുതൽ സാങ്കേതിക മികവ് ആവശ്യമായ ഗുണനിലവാരമുള്ള, വ്യക്തിയുടെ/കുട്ടിയുടെ ആവശ്യത്തിനനുസരിച്ചുള്ള ഉപകരണങ്ങൾ (High end products) ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷ നൽകിയിരുന്നു.

2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ (NIPMR) ഭിന്നശേഷിക്കാർക്കായി നിർമ്മിക്കുന്ന പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങളുടെ ഗുണ നിലവാരം തൃശ്ശൂർ മെഡിക്കൽ കോളേജ് മുഖേന പരിശോധിച്ചതിൽ, NIPMR ഉത്പാദിപ്പിക്കുന്ന ഉപകരണങ്ങൾ നല്ല നിലവാരമുള്ളതാണെന്നും ഭിന്നശേഷി വിഭാഗക്കാർക്ക് ഇത് പ്രയോജന പ്രദമാണമെന്നും സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് നൽകിയിരുന്നു.

3. പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി വിശദമായി ക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം 3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ . നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) തനതായി ഉത്പ്പാദിപ്പിക്കുന്നതും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ അംഗീകാരം ഉള്ളതുമായ ആവശ്യമുള്ള ഉപകരണങ്ങൾ, വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ അധികരിക്കാതെ, ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR)
സാമൂഹ്യ നീതി വകുപ്പ് (SJD-D2/173/2019-SJD)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.09.22 15:06:20 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്